ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.03.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള തീരുമാനമാണ് എല്ലാക്കാലത്തും കൈക്കൊണ്ടിട്ടുള്ളതെന്ന് സ്പീക്കർ ഓം ബിർള ലോക്സഭയിൽ. രാജ്യസഭയിൽ ഗ്രാമവികസന മന്ത്രാലയത്തിൻറെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ച ഇന്നും തുടരും.

   **Speaker Om Birla said in Lok Sabha that all decisions have been taken to uphold the integrity of constitutional values. The discussion on the functions of the Rural Development Ministry will continue in Rajya Sabha today.**

2. നയരൂപീകരണത്തിൽ വനിതാ കർഷകർക്ക് കൂടുതൽ പങ്കാളിത്തം നൽകുന്നത് കാർഷിക വളർച്ചയ്ക്ക് സഹായകമാകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu said that increasing participation of women farmers in policy making will help in the overall agricultural growth.**

3. സംഘർഷം രൂക്ഷമായ ലെബനനിൽ യു.എൻ സമാധാന സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ഇന്ത്യ. ലെബനൻ, ഖത്തർ എന്നിവിടങ്ങളിൽ നിന്ന് പൗരന്മാരെ മടക്കി അയച്ചതായി ഇന്ത്യൻ എംബസ്സി.

   **India has called for the protection of UN peacekeepers in Lebanon, who are in the midst of a heightened confrontation between Israel and Hezbollah. Indian Embassy said that Indians have been repatriate from Lebanon and Qatar.**

4. യു.എസ്–ഇസ്രയേൽ ആക്രമണത്തിന് തിരിച്ചടി ശക്തമാക്കി ഇറാൻ. രണ്ട് ഇന്ത്യൻ എണ്ണക്കപ്പലുകൾക്ക് ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോകാൻ അനുമതി.

   **Iran has intensified its counter-attack to the US-Israeli attack. Two Indian tankers have been allowed to pass through the Strait of Hormuz.**

5. കേരളത്തിലെ ആദിവാസി ഉന്നതികളിൽ പൂർണമായും വൈദ്യുതി എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan said that the government is implementing measures to fully provide electricity to the tribal areas of Kerala.**

6. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായ ദണ്ഡി യാത്രയുടെ 96-ാം വാർഷിക ദിനം ഇന്ന്.

**Today marks the anniversary of the Dandi March, an important milestone in the history of the Indian freedom struggle.**

## PARLIAMENT

വിവിധ വിഷയങ്ങളെച്ചൊല്ലി ലോക്സഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. രാവിലെ 11 മണിക്ക് സഭ നടപടികൾ ആരംഭിച്ചപ്പോൾ, ചോദ്യോത്തര വേള പ്രതിപക്ഷം തടസപ്പെടുത്തി. തുടർന്ന് 12 മണി വരെ സഭ നിർത്തിവെച്ചു. വീണ്ടും പുനരാരംഭിച്ചപ്പോൾ പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ സ്പീക്കർ ഓം ബിർള അഭിസംബോധന ചെയ്തു. ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്നും ഓം ബിർള പറഞ്ഞു. ധനമന്ത്രി നിർമ്മലാസീതാരാമൻ 2026ലെ ധനവിനിയോഗ ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. രാജ്യസഭയിൽ ഗ്രാമവികസന മന്ത്രാലയത്തിൻറെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ചകൾ ഇന്നും തുടരും.

## PREZIDENT (INTRO)

നയരൂപീകരണത്തിലും തീരുമാനങ്ങൾ എടുക്കുന്നതിലും വനിതാ കർഷകർക്ക് കൂടുതൽ പങ്കാളിത്തം നൽകുന്നത് എല്ലാവരെയും ഉൾക്കൊള്ളുന്ന കാർഷിക വളർച്ചയ്ക്ക് സഹായകമാകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.കാർഷിക-ഭക്ഷ്യ മേഖലകളിലെ സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള ആഗോള സമ്മേളനം ന്യൂഡൽഹിയിൽ

ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. എല്ലാ തലങ്ങളിലുമുള്ള സ്ത്രീകളുടെ പങ്കാളിത്തം, ലിംഗസമത്വം ഉൾക്കൊള്ളുന്ന കാർഷിക വളർച്ചയെ പ്രോത്സാഹിപ്പിക്കുമെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

(പ്രസിഡന്റ് വോയിസ്)

'പുരോഗതി കൈവരിക്കുക, പുതിയ ഉയരങ്ങൾ കീഴടക്കുക' എന്ന പ്രമേയത്തിൽ ഊന്നി നടക്കുന്ന മൂന്നു ദിവസത്തെ സമ്മേളനത്തിൽ കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാനും പങ്കെടുത്തു .

## U N JOINT PRESS MEET

ഇസ്രയേലും ഹിസ്ബുള്ളയും രൂക്ഷമായ ഏറ്റുമുട്ടുന്ന ലെബനനിൽ യു.എൻ സമാധാന സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടു. സമാധാന സേനാംഗങ്ങൾ ഒരുതരത്തിലുമുള്ള ആക്രമണത്തിനോ ഭീഷണിക്കോ ഇരയാകരുതെന്നും, അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായി സുരക്ഷ ഉറപ്പാക്കണമെന്നും ഇന്ത്യയടക്കം 30 രാജ്യങ്ങൾ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. കഴിഞ്ഞയാഴ്ച തെക്കൻ ലെബനനിൽ കനത്ത വെടിവയ്പിൽ മൂന്ന് ഘാന സമാധാന സേനാംഗങ്ങൾക്ക് പരിക്കേറ്റിരുന്നു.

## GCC IRAN

ഗൾഫ് മേഖലയിൽ ആക്രമണത്തിനെത്തിയ 954 ഇറാനിയൻ മിസൈലുകളും 2,500 ഡ്രോണുകളും 17 വിമാനങ്ങളും ജി.സി.സി രാജ്യങ്ങൾ തടഞ്ഞതായി ഐക്യരാഷ്ട്രസഭയിലെ ബഹ്റൈന്റെ സ്ഥിരം പ്രതിനിധി ജമാൽ ഫാരെസ് അൽറോവായ്. ആറ് അംഗ ജി.സി.സി രാജ്യങ്ങൾക്കെതിരായ ആക്രമണങ്ങൾ വ്യാപാര, സമുദ്രപാതകളിൽ പ്രതിസന്ധി സൃഷ്ടിച്ചത് ആഗോള സമ്പദ്‌വ്യവസ്ഥയെ സ്വാധീനിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. തങ്ങളുടെ കര, വ്യോമാതിർത്തിയും പ്രാദേശിക ജലാശയങ്ങളും ആക്രമണത്തിന് ഉപയോഗിക്കില്ലെന്ന് യു.എ.ഇ വ്യക്തമാക്കിയിട്ടും,

ഇറാൻ തങ്ങളെ ആക്രമിച്ചതായി യു.എ.ഇ സ്ഥിരം പ്രതിനിധി മുഹമ്മദ് അബുഷഹാബ് കുറ്റപ്പെടുത്തി.

## IEA- OIL STOCKS

എണ്ണ ശേഖരം വിതരണം ചെയ്യാനുള്ള അന്താരാഷ്ട്ര ഊർജ ഏജൻസിയുടെ തീരുമാനത്തെ സ്വാഗതം ചെയ്ത് ഇന്ത്യ. ആഗോള എണ്ണവിതരണം സ്ഥിരപ്പെടുത്തുന്നതിനായി കരുതൽ ശേഖരത്തിൽ നിന്ന് 40 കോടി ബാരൽ പുറത്തിറക്കുമെന്ന് ഏജൻസി അറിയിച്ചിരുന്നു. അന്താരാഷ്ട്ര ഊർജ സഹകരണത്തിൽ ഇന്ത്യ സജീവ പങ്കാളിയാണെന്നും മധ്യ പൂർവ്വ മേഖലയിലെ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിക്കുകയാണെന്നും പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം വ്യക്തമാക്കി.

## WEST ASIA BRIEF

രാജ്യത്ത് എൽ.പി.ജി ഉത്പാദനം 25 ശതമാനം വർധിച്ചതായി പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ. രാജ്യത്തിന്റെ ക്രൂഡ് ഓയിൽ ഇറക്കുമതിയുടെ 70 ശതമാനവും ഹോർമുസ് കടലിടുക്കിന് പുറത്തു നിന്നായതിനാൽ ഇന്ത്യയുടെ ഇന്ധന വിതരണ ശൃംഖല സുരക്ഷിതമാണ്. 40 രാജ്യങ്ങളിൽനിന്ന് ഇന്ത്യ എണ്ണ ഇറക്കുമതി ചെയ്യുന്നുണ്ടെന്നും അവർ പറഞ്ഞു.

## SPECIAL FLIGHTS (INTRO)

പശ്ചിമേഷ്യൻ സംഘർഷം കണക്കിലെടുത്ത് ലെബനൻ, ഖത്തർ എന്നിവിടങ്ങളിൽ നിന്ന് പൗരന്മാരെ മടക്കി അയച്ചതായി ഇന്ത്യൻ എംബസ്സി. ബെയ്റൂത്തിൽ നിന്നുള്ള 177 ഇന്ത്യൻ പൗരന്മാർ ഉൾപ്പെടുന്ന ആദ്യ സംഘവും , ഖത്തറിൽ നിന്നുള്ള 500 ലധികം ഇന്ത്യക്കാരും ഇന്ത്യയിലേക്ക് മടങ്ങിയതായി ഖത്തറിലേയും , ലെബനനിലേയും ഇന്ത്യൻ എംബസികൾ അറിയിച്ചു.
(ഹോൾഡ് )

## SPECIAL FLIGHTS (VOICE)

ബെയ്റൂത്ത് റാഫിക് ഹരിരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ലെബനനിലെ ഇന്ത്യൻ അംബാസഡർ സംഘത്തെ യാത്രയയച്ചു. കൂടുതൽ ഇന്ത്യക്കാരെ നാട്ടിലെത്തിക്കുന്നതിനായി ഖത്തർ എയർവേയ്സ് ഇന്ന് ഇന്ത്യയിലേക്ക് രണ്ട് അധിക വിമാന സർവീസ് നടത്തുമെന്ന് എംബസി വ്യക്തമാക്കി . ഇന്ത്യൻ പൗരന്മാർക്ക് പാസ്പോർട്ട് വേഗത്തിൽ ലഭ്യമാക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തും. നിലവിലെ സാഹചര്യം കാരണം, പാസ്പോർട്ട് അപേക്ഷകൾ സ്വീകരിക്കുന്നതിനായി ആഴ്ചയിലെ എല്ലാ ദിവസവും എംബസി തുറന്നിരിക്കും, തത്കാൽ പാസ്പോർട്ടുകൾ ഒന്ന് മുതൽ രണ്ട് ദിവസത്തിനുള്ളിൽ വിതരണം ചെയ്യുമെന്നും എംബസ്സി വ്യക്തമാക്കി.

**ന്യൂസ് ഡെസ്ക് ആകാശവാണി......**

## INDIA TANKER – HORMUZ

രണ്ട് ഇന്ത്യൻ എണ്ണക്കപ്പലുകൾക്ക് ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോകാൻ അനുമതി നൽകി ഇറാൻ .വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറും ഇറാനിയൻ വിദേശകാര്യ മന്ത്രി അബ്ബാസ് അര്ഗചിയും തമ്മിലുള്ള ചർച്ചകളെത്തുടർന്ന് നിർണായക നീക്കം .ഇന്ത്യയുടെ 'പുഷ്പക്', 'പരിമൾ ' എന്നീ കപ്പലുകളാണ് ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതമായി കടന്നുപോകാൻ അനുമതി നൽകിയത് . പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യവും ഇരു നേതാക്കളും ചർച്ച ചെയ്തു,

## WEST ASIA CONFLICT

യു.എസ്–ഇസ്രയേൽ ആക്രമണത്തിന് ഇറാൻ തിരിച്ചടി ശക്തമാക്കിയതോടെ, പശ്ചിമേഷ്യയിലെ സംഘർഷം രൂക്ഷമായി തുടരുന്നു. 12 ദിവസം പിന്നിട്ട യുദ്ധം ഗൾഫിൽ നിന്നുള്ള ഇന്ധനനീക്കത്തെ തടസ്സപ്പെടുത്തുകയും മേഖലയിലെ വ്യോമ ഗതാഗതത്തിന് ഭീഷണി ഉയർത്തുകയും ചെയ്തു. തെഹ്റാനിൽ ഇന്നലെയും വ്യോമാക്രമണമുണ്ടായി. ലെബനനിലും ഇറാൻ

പിന്തുണയുള്ള ഹിസ്ബുള്ള തീവ്രവാദികളെ ലക്ഷ്യമിട്ട് ഇസ്രയേൽ ആക്രമണം തുടരുകയാണ്.

## IRAQ TANKER ATTACK

ഇറാഖിലെ ബസ്രയ്ക്ക് സമീപം അമേരിക്കൻ ഉടമസ്ഥയിലുള്ള എണ്ണ കപ്പൽ ആക്രമിക്കപ്പെട്ടു. ആക്രമണത്തിൽ ഒരു ഇന്ത്യക്കാരൻ കൊല്ലപ്പെട്ടു. മാർഷൽ ഐലൻഡ്സ് പതാക വഹിച്ച 'സേഫ്സീ വിഷ്ണു' എന്ന കപ്പലിന് നേരെയാണ് ആക്രമണം. കപ്പലിലെ 15 ഇന്ത്യൻ ജീവനക്കാരെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റിയാതായി ഇറാഖിലെ ഇന്ത്യൻ എംബസി അറിയിച്ചു.

## MEA FACT CHECK

ഡൽഹിയിലെ ഇന്ത്യ-ഇസ്രായേൽ സംയുക്ത പ്രതിരോധ കേന്ദ്രത്തിൽ തീപിടുത്തമുണ്ടായതായും നിരവധി തൊഴിലാളികൾ മരിച്ചതായും സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്ത വ്യാജമാണെന്ന് കേന്ദ്രസർക്കാർ. ഇത്തരം വാർത്തകൾ അടിസ്ഥാനരഹിതമാണെന്നും വ്യാജ വാർത്തകളിൽ നിന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും വിദേശകാര്യ മന്ത്രാലയത്തിൻറെ വസ്തുതാ പരിശോധനാ യൂണിറ്റ് അറിയിച്ചു.

## IDUKKI PALLIVASAL

2040 ഓടെ വൈദ്യുതി ഉൽപ്പാദനം പൂർണമായും പുനരുപയോഗ സാധ്യതയുള്ള സ്രോതസുകളെ ആശ്രയിച്ചായിരിക്കണം എന്നതാണ് സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആദിവാസി ഉന്നതികളിൽ പൂർണമായും വൈദ്യുതി എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇടുക്കി പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ കമ്മീഷനിങ്ങും ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ സുവർണജൂബിലി ആഘോഷവും ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. 1976 ഫെബ്രുവരിയിലാണ് ഇടുക്കി ജലവൈദ്യുത പദ്ധതി നാടിന് സമർപ്പിച്ചത്.

## DANDI – VP – PM

ഇന്ന് ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായ ദണ്ഡി യാത്ര ആരംഭിച്ചതിൻറെ 96 ആം വാർഷിക ദിനം. ഉപ്പ് ഉത്പാദനത്തിന്മേലുള്ള ബ്രിട്ടീഷ് കുത്തകയ്ക്കെതിരെ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ 1930 മാർച്ച് 12-ന് സബർമതി ആശ്രമത്തിൽ നിന്ന് തീരദേശ ഗ്രാമമായ ദണ്ഡിയിലേക്ക് നടത്തിയ പ്രതിഷേധ യാത്ര ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ കരുത്തുറ്റ പ്രതീകമാണ്. മഹാത്മാ ഗാന്ധിക്കും ദണ്ഡി യാത്രയിൽ പങ്കെടുത്ത എല്ലാ സ്വാതന്ത്ര്യസമര സേനാനികൾക്കും ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ,പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ളവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു.

## BIJI VARGHESE

ആകാശവാണി പത്തനംതിട്ട ജില്ലാ മുൻ പ്രതിനിധിയും ജീവൻ ടിവി റിപ്പോർട്ടറുമായിരുന്ന ബിജി വർഗീസ് അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. സംസ്കാരച്ചടങ്ങുകൾ ഇന്ന് ഉച്ചകഴിഞ്ഞ് നൂറനാട് പടനിലം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ നടക്കും.

## FAROOQ ABDULLAH

ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രിയും നാഷണൽ കോൺഫറൻസ് പ്രസിഡന്റുമായ ഫാറൂഖ് അബ്ദുള്ളയ്ക്ക് നേരെ വധശ്രമം. അദ്ദേഹം പരിക്കുകളില്ലാതെ രക്ഷപ്പെട്ടു. ജമ്മുവിൽ ഇന്നലെ രാത്രിയോടെയായിരുന്നു സംഭവം. ജമ്മു പുരാണി മണ്ടിയിലെ കമൽ സിംഗ് ജാംവാളാണ് പ്രതിയെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. അതേസമയം, ഫാറൂഖ് അബ്ദുള്ളയ്ക്കെതിരെ ഉണ്ടായ ആക്രമണത്തിൽ സമഗ്രമായ അന്വേഷണം നടത്തുമെന്ന് കേന്ദ്രമന്ത്രി ജെ പി നഡ്ഡ രാജ്യസഭയിൽ പറഞ്ഞു.

## TERRORIST KILLED

രജൗരി ജില്ലയിലെ നിയന്ത്രണ രേഖയിൽ നുഴഞ്ഞുകയറ്റ ശ്രമത്തിനിടെ ലഷ്കർ-ഇ-തൊയ്ബ ഭീകരൻ കൊല്ലപ്പെട്ടു. പാക്

അധിനിവേശ ജമ്മു കശ്മീർ സ്വദേശി ഹംസ യൂസഫാണ് കൊല്ലപ്പെട്ടത്. ഇയാളിൽ നിന്ന് മാരകായുധങ്ങളും വെടിക്കോപ്പുകളും കണ്ടെടുത്തു. ഈ മാസം രജൗരി സെക്ടറിൽ സൈന്യം പരാജയപ്പെടുത്തിയ രണ്ടാമത്തെ നുഴഞ്ഞുകയറ്റ ശ്രമമാണിത്.